# എഞ്ചിനീയറിംഗ് കോളേജിൽ തൊഴിൽരഹിതർക്ക് സൗജന്യമായി നൈപുണ്യ വികസനത്തിനു വിദഗ്ധ പരിശീലനം നൽകുന്നു.

ആറ്റിങ്ങൽ: തൊഴിൽരഹിതർക്ക് മാന്യമായ തൊഴിൽ ലഭിക്കുന്നതിനും ഒരു സുരക്ഷിത ജീവിതം നയിക്കുന്നതിനും ഉതകുന്ന വിധത്തിൽ വിവിധ തൊഴിൽ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകി വൈദഗ്ദ്ധ്യം (നൈപുണ്യം) വർധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിൻ്റെയും AICTE യുടേയും ആഭിമുഖ്യത്തിൽ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY) എന്ന നൈപുണ്യ വികസന പരിശീലന പരിപാടി ആറ്റിങ്ങൽ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തപ്പെടുന്നു. താഴെ പറയുന്ന പുതുതലമുറ ഹ്രസ്വകാല കോഴ്സുകളാണ് നടത്തപ്പെടുന്നത്.

| കോഴ്സുകൾ | യോഗ്യത |
|---|---|
| **Field Technician (Computing and Peripherals)** | **10th Pass** |
| **Domestic Data Entry Operator** | **10th Pass** |
| **LED Light Repair Technician** | **12th Pass** |
| **Electrician Domestic Solution** | **8th Pass** |

പരിശീലനം പൂർണമായും സൗജന്യമാണ്. ഓരോ കോഴ്സിലും 25 പേർക്ക് വീതമാണ് അഡ്മിഷൻ നൽകുക.മുഖ്യമായും പ്രായോഗിക പരിശീലനത്തിന് മുൻഗണന നൽകിയിട്ടുള്ള ഈ കോഴ് സുകളിൽ അതതു മേഖലകളിലെ സെക്ടർ സ്കിൽ കൗൺസിലുകളിൽ നിന്നും പരിശീലനം നേടിയ മാസ്റ്റർ ട്രെയ്നർമാർ ആണ് പരിശീലനം നൽകുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേന്ദ്രസർക്കാരിൻ്റെ വൈദഗ്ധ്യവികസന മന്ത്രാലയത്തിൻ്റെ കീഴിലുള്ള NSDC യുടെ സർട്ടിഫിക്കേറ്റുകൾ ലഭിക്കുന്നതാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി വിദ്യാർഥികൾക്ക് പ്ലേസ്മെൻ്അവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യും. താത്പര്യമുള്ളവർ അഡ് മിഷൻ ലഭിക്കുന്നതിനായി 2018 ഒക്ടോബർ 30 ന് മുൻപായി പ്രവർത്തി സമയങ്ങളിൽ കോളേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോറം പൂരിപ്പിച്ചു നൽകുകയോ www.ceattingal.ac.in എന്ന വെബ് സൈറ്റിൽ നിന്നും അപേക്ഷ ഫോറം ഡൌൺലോഡ് ചെയ്തു പൂരിപ്പിച്ചു നൽകുകയോ ചെയ്യാവുന്നതാണ്.

അപേക്ഷ സമർപ്പിക്കേണ്ട വിലാസം: **The Nodal Officer, Pradhan Manthri Kaushal Vikas Yojana-Technical Institutes (PMKVY-TI) College of Engineering Attingal, Thiruvananthapuram. Pin No.695101**
കൂടുതൽ വിവരങ്ങൾക്ക് 9746710701, 0470-2627400 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

**പ്രിൻസിപ്പാൾ**